# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ - 3046 23.03.2015- ലെ മറുപടിക്ക്

## കേരള പരിപ്രേക്ഷ്യ പദ്ധതി 2030

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ആസൂത്രണ ബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ന് രൂപം കൊടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ; | (ബി) | നോർഡിക് രാജ്യങ്ങളായ ഫിൻലാൻഡ്, നോർവേ, ഡെൻമാർക്ക്, സ്വീഡൻ എന്നീ രാജ്യങ്ങളിലേതിന് തുല്യമായ നിലയിൽ 'സുസ്ഥിര അഭിവൃദ്ധി' (sustainable prosperity) കൈവരിക്കുകയാണ് പദ്ധതി പരിപ്രേക്ഷ്യം 2030 ന്റെ ദൗത്യം(Mission). സുസ്ഥിരഅഭിവൃദ്ധിക്ക് നാല് മാനങ്ങളുണ്ട് - സാമ്പത്തിക അഭിവൃദ്ധി,മാനവിക അഭിവൃദ്ധി,സാമൂഹിക അഭിവൃദ്ധി,ഹരിത സുസ്ഥിരത. കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളുടെ സംക്ഷിപ്തം അനുബന്ധമായിനൽകിയിട്ടുണ്ട്. |
| (സി) | പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വിശദമാക്കുമോ: | (ഡി) | ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി സംസ്ഥാനആസൂത്രണ ബോർഡ് ആണ് 'പദ്ധതി പരിപ്രേക്ഷ്യ 2030' തയ്യാറാക്കിയത്. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം മേഖലകൾക്കാണ് പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ഡി) | കൃഷി അനുബന്ധ മേഖലകൾ. വ്യവസായം,ഗതാഗതം,വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, ഗ്രാമ-നഗര വികസനം.വിവരസാങ്കേതികവിദ്യ. വിനോദസഞ്ചാരം,ജലവിഭവം ശാസ്ത്രസാങ്കേതികം,ഊർജ്ജം. തൊഴിലവസരസൃഷ്ടി,പ്രവാസികളും കുടിയേറ്റവും,പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് റിപ്പോർട്ടിൽ മുൻതൂക്കം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

## കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ലൂടെ കൈവരിക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ള ലക്ഷ്യങ്ങളുടെ സംക്ഷിപ്തം

### ാമ്പത്തിക അഭിവൃദ്ധി

- മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിൽ അടുത്ത 20 വർഷം 7.5 ശതമാനം കൂട്ടു വാർഷിക വളർച്ചാനിരക്ക് (സി.എ.ജി.ആർ) കൈവരിക്കുക.
- പ്രതിശീർഷ വരുമാനം ഇപ്പോഴത്തെ 4763 യു.എസ്. ഡോളറിൽ (2005-ലെ പർച്ചേസിംഗ് പവ്വർ പാരിറ്റി അടിസ്ഥാനമാക്കിയുള്ളത്) നിന്നും 2030-ഓടുകൂടി 19,000 യു.എസ് ഡോളറും 2040-ഓടുകൂടി 36,000 യു.എസ് ഡോളറും ആക്കി ഉയർത്തുക.
- വിവിധ മേഖലകളിൽ ലക്ഷ്യമിട്ടിട്ടുള്ള വളർച്ചാ നിരക്കുകൾ

| | | |
|---|---|---|
| ✓ കൃഷി | : | കുറഞ്ഞത് 2 % |
| ✓ ഉല്പന്ന നിർമ്മാണം | : | 9% |
| ✓ നിർമ്മാണം | : | 9% |
| ✓ വാർത്താവിനിമയം | : | 7.5 % |
| ✓ വിദ്യാഭ്യാസ, ആരോഗ്യ മേഖലകൾ | : | 10% |

### നവിക അഭിവൃദ്ധി (ജീവിത ഗുണമേന്മ)

- മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിൽ വിദ്യാഭ്യാസ, ആരോഗ്യ മേഖലകളുടെ വിഹിതം നിലവിലെ 11 ശതമാനത്തിൽ നിന്നും 2030-ഓടു കൂടി 15 ശതമാനമായി വർദ്ധിപ്പിക്കുക
- ഉന്നത വിദ്യാഭ്യാസത്തിലെ എൻറോൾമെന്റ് റേഷ്യോ 2030-ൽ 48 ശതമാനമായി വർദ്ധിപ്പിക്കുക
- എല്ലാവർക്കും ആരോഗ്യ സുരക്ഷിതത്വം ഉറപ്പാക്കുക
- യു.എൻ.ഡി.പി.യുടെ മാനവ വികസന സൂചികയിൽ കേരളത്തെ ഏറ്റവുംഉയർന്ന വിഭാഗത്തിലേക്ക് മാറ്റുക
- താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് മികച്ച ജീവിത നിലവാരം കൈവരിക്കുക.
  - ✓ സ്മാർട്ടായ നഗര-ഗ്രാമ പ്രദേശങ്ങളുടെവളർച്ച
  - ✓ കൊച്ചിയെ ഒരു ആഗോള നഗരമാക്കി മാറ്റുക

### ൂഹിക അഭിവൃദ്ധി (സാമൂഹിക സമത്വം)

- തൊഴിലില്ലായ്മാ നിരക്ക് 2011-12-ലെ 9.9 ശതമാനത്തിൽ നിന്നും 2031 -ൽ 2 ശതമാനമായി കുറയ്ക്കുക. (വനിതകളുടെ തൊഴിലില്ലായ്മാ നിരക്ക് 26.2 ശതമാനത്തിൽ നിന്നും 5 ശതമാനമായി കുറയ്ക്കുക)
- സാമ്പത്തിക അസമത്വം നിർണ്ണയിക്കുന്ന ഗിനി കോയഫിഷ്യന്റ് 2009-10-ലെ 45 ശതമാനത്തിൽ നിന്നും 2031 -ൽ 23 ശതമാനമായി കുറയ്ക്കുക
- ദാരിദ്ര്യ നിരക്ക് 2011-12-ലെ 7.1 ശത[illegible] 2031-ൽ 1.0 ശതമാനമായി കുറയ്ക്കുക

- സാംസ്കാരിക വൈവിധ്യമുള്ളതും സുരക്ഷിതത്വമുള്ളതും നീതിനിഷ്ഠയുള്ളതുമായ ഒരു സമൂഹമാക്കി നിലനിർത്തുക

**ാരിത സുസ്ഥിരത**

- സുസ്ഥിര ഉദ്പാദന സമ്പ്രദായങ്ങളിലൂടെയും ഉപഭോഗത്തിലൂടെയും ആവാസ വ്യവസ്ഥ, ജൈവ വൈവിധ്യം, വിഭവങ്ങൾ എന്നിവയുടെ നിലവാരം ഉയർത്തുക.
- തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക
- പശ്ചിമ ഘട്ടത്തിലെ ലോക പൈതൃക ജൈവ വൈവിധ്യം സംരക്ഷിക്കുക
- കാര്യക്ഷമമായ ഉപയോഗത്തിലൂടെ 2030-ഓടുകൂടി 10 ശതമാനം വൈദ്യുതിയും കുടിവെള്ളവും ലാഭിക്കുക
- മാലിന്യത്തിന്റെ തരം അനുസരിച്ച് 60 മുതൽ 75 ശതമാനം വരെയുള്ള മാലിന്യത്തിന്റെയും പുനരുപയോഗം സാധ്യമാക്കുക
- സുസ്ഥിര വിഭവങ്ങളുടെ ഉപയോഗം കണ്ടെത്തുകയും ഉപയോഗം പരമാവധിയാക്കുകയും ചെയ്യുക.

-----